**ഇന്റർനാഷണൽ കളക്ടീവ് ഇൻ സപ്പോർട്ട് ഓഫ് ഫിഷ്-വർക്കേഴ്സ് (ICSF) ട്രസ്റ്റ്**

## ദേശീയ ശിൽപ്പശാല

## എസ്.എസ്.എഫ് മാർഗ്ഗനിർദ്ദേശങ്ങളും ഫിഷറീസിലെ സ്ത്രീകളും, ഇന്ത്യ

**ആശാ നിവാസ്, ചെന്നൈ, തമിഴ്നാട്, ഇന്ത്യ**

**2022 ഏപ്രിൽ 8 മുതൽ 10**

## ആശയക്കുറിപ്പ്

### I. ആമുഖം

ഭക്ഷ്യ സുരക്ഷയുടെയും ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെയും പശ്ചാത്തലത്തിൽ സ്ഥായിയായ ചെറുകിട മത്സ്യമേഖലയുടെ സംരക്ഷണത്തിനായി കൂടിയാലോചിച്ച് രൂപം നൽകിയ സ്വമേധയാ നടപ്പാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (എസ്.എസ്.എഫ് മാർഗ്ഗനിർദ്ദേശങ്ങൾ) 2014 ജൂണിൽ ഐക്യരാഷ്ട്ര സഭയുടെ ഭക്ഷ്യ കാർഷിക സംഘടനയിലെ ഫിഷറീസ് കമ്മിറ്റി അംഗീകരിച്ചിരുന്നു. എസ്.എസ്.എഫ് മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കുന്നത് പോഷകാഹാര ലഭ്യതയ്ക്കും ഭക്ഷ്യസുരക്ഷക്കും ചെറുകിട മത്സ്യ മേഖലയുടെ പങ്ക് മെച്ചപ്പടുത്താനുള്ള ഒരു ഗണ്യമായ ചുവടുവയ്പായി തിരിച്ചറിയുന്നു. എസ്.എസ്.എഫ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കുന്ന പ്രക്രിയയിൽ ലിംഗപദവി മുഖ്യധാരയിൽ എത്തിക്കുന്നത് ഒരു മുഖ്യ ഘടകമാണ്. ലിംഗപരമായ സമത്വവും തുല്യനീതിയും ഐക്യരാഷ്ട്ര സഭ 2022 പരമ്പരാഗത മത്സ്യമേഖലയുടെയും മത്സ്യകൃഷിയുടെയും വർഷമായി ആചരിക്കുന്ന വേളയിൽ അതിന്റെ ഏഴ് പ്രധാന കാര്യങ്ങളിൽ ഒന്നാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗനിർദ്ദേശങ്ങളുടെ നടപ്പാക്കൽ പ്രക്രിയയുടെ ഭാഗമെന്ന നിലയിൽ, ലിംഗപദവി സമത്വവും തുല്യനീതിയും മത്സ്യമേഖലയിൽ പ്രോത്സാഹിപ്പിക്കുന്നതിനായി  ഇന്ത്യയിലെ മത്സ്യമേഖലയിലുള്ള സ്ത്രീകളുടെ ഒരു ദേശീയ വേദി രൂപീകരിക്കുന്നതിനും സ്ത്രീ മത്സ്യത്തൊഴിലാളികളുടെ പ്രതിനിധികളുടെ പ്രവർത്തന ശേഷി മെച്ചപ്പെടുത്തുന്നതിനും വേണ്ടി ഇന്റർനാഷണൽ കളക്ടീവ് ഇൻ സപ്പോർട്ട് ഓഫ് ഫിഷ്-വർക്കേഴ്സ് (ICSF)  ഒരു ദേശീയ ശിൽപ്പശാല സംഘടിപ്പിക്കുകയാണ്. ഐക്യരാഷ്ട്ര സഭയുടെ ലോക ഭക്ഷ്യ കാർഷിക സംഘടനയുടെ (എഫ്.എ.ഓ) സഹായത്തോടെ 2022 ഏപ്രിൽ 8 മുതൽ 10 വരെ ചെന്നൈയിൽ ആശാ നിവാസിൽ വച്ച് നടത്തുന്ന ഈ ശിൽപ്പശാലയിൽ തീരുമാനമെടുക്കൽ പ്രക്രിയയിൽ സ്ത്രീകളുടെ പങ്കാളിത്തം മെച്ചപ്പെടുത്താനും അവരുടെ ഉപജീവന ഇടങ്ങൾ അംഗീകരിക്കുന്നതിനുമായി സ്ത്രീകളുടെ ഒരു വേദി ഉണ്ടാകുന്നതിനെ കുറിച്ചും ഗൌരവത്തോടെ ചർച്ച ചെയ്യും. ഈ ശിൽപ്പശാലയിൽ

മഹാരാഷ്ട്ര, ഗോവ, കേരളം, തമിഴ്നാട്, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിലെ സ്ത്രീ മത്സ്യത്തൊഴിലാളികളുടെ പ്രധാന പ്രതിനിധികൾ പങ്കെടുക്കും.

## II. പശ്ചാത്തലം

ഇന്ത്യയിലെ സമുദ്ര-ഉൾനാടൻ മത്സ്യമേഖലയിൽ ദശലക്ഷക്കണക്കിന് സ്ത്രീകൾ തൊഴിൽ ചെയ്യുന്നുണ്ട്, മത്സ്യം പിടിച്ചതിന് ശേഷമുള്ള വിപണനവും സംസ്കരണവും ഉൾപ്പെടെയുള്ള വിവിധ തൊഴിലുകളിൽ ആകെ ഏർപ്പെട്ടിരിക്കുന്നവരിൽ 70 ശതമാനവും സ്ത്രീകളാണെന്ന് കണക്കാക്കപ്പെടുന്നു. മത്സ്യ വിപണനം, വല കെട്ടൽ, മത്സ്യം ഉണക്കൽ, സംസ്കരണം തുടങ്ങിയ രംഗങ്ങളിലും കൂടാതെ കല്ലിന്മേൽക്കായ്, കടൽപ്പായൽ, മറ്റ് കടൽ ജീവികൾ ജലത്തിൽ നിന്നും ശേഖരിക്കുന്നതിലും നിരവധി സ്ത്രീകൾ ഏർപ്പെട്ടിരിക്കുന്നു. മത്സ്യമേഖലയിൽ പ്രാദേശിക ഭക്ഷ്യ സുരക്ഷയ്ക്കും മീൻപിടുത്ത സമുദായങ്ങളുടെ സ്ഥായിയായ വികസനത്തിനും ഇവരുടെ പങ്ക് വളരെ നിർണ്ണായകമാണ്.

ഇന്ത്യയുടെ 2017-ലെ ദേശീയ കടൽ മത്സ്യമേഖലാ നയത്തിലും 2020-ലെ ദേശീയ മത്സ്യ നയത്തിലും ഈ മേഖലയിൽ സ്ത്രീകൾ വഹിക്കുന്ന പ്രധാന പങ്ക് അംഗീകരിക്കുന്നുണ്ട്, കൂടാതെ ഉൽപ്പാദനം മുതൽ ഉപഭോഗം വരെയുള്ള കണ്ണികളിൽ ഉടനീളം ലിംഗസമത്വം മുഖ്യധാരയിൽ ഉറപ്പുവരുത്തണമെന്ന മാർഗ്ഗനിർദ്ദേശവും നൽകിയിട്ടുണ്ട്.

മത്സ്യ നയങ്ങളിലും, നിയമങ്ങളിലും, പരിപാലന രംഗത്തും, ലിംഗപദവി/തുല്യത മുഖ്യധാരയിൽ എത്തിക്കുന്നതിനായി 2016-ൽ ഐ.സി.എസ്.എഫ് ഒരു ശിൽപ്പശാല സംഘടിപ്പിച്ചിരുന്നു (https://www.icsf.net/wp-content/uploads/2017/08/930.ICSF158.pdf). ഈ ശിൽപ്പശാലയിൽ കൈവശാവകാശങ്ങൾ (അനുഭവക്രമങ്ങൾ) തീരുമാനിക്കുന്ന പ്രക്രിയ, പരിസ്ഥിതി സംരക്ഷണം, കാലാവസ്ഥാ വ്യതിയാനവുമായി പൊരുത്തപ്പെടൽ എന്നിവയിൽ സ്ത്രീകളുടെ ഇടപെടൽ ശക്തിപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തുന്നതിന് പ്രത്യേക ഊന്നൽ നൽകണമെന്ന ധാരണ പങ്കെടുക്കുന്നവർ ഉൾക്കൊണ്ടിരുന്നു. ഒപ്പം തൊഴിൽസംബന്ധമായ ആരോഗ്യ പ്രശ്നങ്ങൾ, മീൻപിടുത്തക്കാർക്കും ഇതര മത്സ്യമേഖലാ തൊഴിലാളികൾക്കും സാമൂഹ്യ സുരക്ഷ എന്നിവയിലും ഇടപെടലുകൾ നടത്തണമെന്ന നിർദ്ദേശങ്ങളുണ്ടായി. ഇതിനായി മത്സ്യമേഖലയിലെ സ്ത്രീകളുടെ ഉപജീവനത്തിനും അവകാശങ്ങൾക്കുമായി നിലകൊള്ളുന്ന ഒരു ദേശീയ വേദി സൃഷ്ടിക്കണമെന്ന് ആ ശിൽപ്പശാല ശുപാർശ ചെയ്തിരുന്നു.

ഇതിനെ തുടർന്ന് 2019-ൽ നടന്ന ഐ.സി.എസ്.എഫിന്റെ ഒരു ശിൽപ്പശാലയിൽ മത്സ്യ നയങ്ങൾ, ബജറ്റിലെ വിഹിതങ്ങൾ, പദ്ധതികൾ എന്നിവ പരിശോധിച്ച് ഈ മേഖലയിലെ സ്ത്രീകൾക്ക് ഗുണകരമായ കാര്യങ്ങളുണ്ടോ എന്ന് വിലയിരുത്താൻ ഒരു ലിംഗപദവി വിശകലനം നടത്തുകയുണ്ടായി. ഇത് സ്ത്രീ പ്രതിനിധികൾക്കിടയിൽ

അവരുടെ അവകാശങ്ങൾ, അവരുടെ സമൂഹങ്ങളുടെ സ്ഥായിയായ വികസനം എന്നിവ സംബന്ധിച്ച അവബോധം സൃഷ്ടിക്കാൻ ഉപയോഗിക്കണമെന്നും തീരുമാനിച്ചിരുന്നു.
കോവിഡ്-19 മഹാമാരി, ഇന്ത്യയുടെ കടലോരത്ത് കൂടിവരുന്ന പ്രകൃതി ദുരന്തങ്ങൾക്കൊപ്പം, മത്സ്യമേഖലയിലെ ഉപജീവനങ്ങളെ ഗുരുതരമായി ബാധിക്കുകയുണ്ടായി. മത്സ്യ വിപണനത്തിലുണ്ടായ തടസ്സങ്ങൾ സ്ത്രീകളെ ഗുരുതരമായി ബാധിക്കുകയും കുടുംബങ്ങളുടെ വരുമാനം ഗണ്യമായി കുറയുകയും ചെയ്തു, ഇതോടൊപ്പം വീട്ടിലുള്ളവരെ കൂടുതലായി പരിചരിക്കേണ്ട ബാധ്യതയും ഇവരുടെ ചുമലിലായി. സാമൂഹ്യ സുരക്ഷാ നടപടികളുടെ അഭാവം സ്ത്രീ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ അസംഘടിത മേഖലയിലെ എല്ലാ തൊഴിലാളികൾക്കും ഇന്ത്യയൊട്ടാകെ അനുഭവപ്പെട്ടു.
ഈ ശിൽപ്പശാല തെരഞ്ഞെടുക്കപ്പെട്ട തീരദേശ സംസ്ഥാനങ്ങളിലെ മത്സ്യത്തൊഴിലാളി സംഘടനകൾക്ക് മേൽപ്പറഞ്ഞ പ്രധാന പ്രശ്നങ്ങളിൽ ഇനിയുള്ള തുടർപ്രവർത്തനങ്ങളെ കുറിച്ച് കൂടിയാലോചിക്കാൻ ഒരവസരം ഒരുക്കും. വിഭവങ്ങളിലും വിപണികളിലും തുല്യമായ പ്രാപ്യത ഉറപ്പാക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് ഈ മേഖലയിലെ സ്ത്രീകളുടെ ഉപജീവനത്തിൽ പ്രസക്തമായ ഇടപെടൽ നടത്താൻ ഇത് ഉപകരിക്കും. സ്ത്രീ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള അസംഘടിത/അനൌപചാരിക തൊഴിലാളികൾക്ക് മാന്യമായ തൊഴിൽ എന്ന ആശയം ഇന്ന് അന്തർദ്ദേശീയ-ദേശീയ തലത്തിൽ നിയമ നിർമ്മാണത്തിന് പോലും വഴിതെളിച്ചിട്ടുണ്ട്, ഇതും ഈ ശിൽപ്പശാല ചർച്ച ചെയ്യും. ഉൽപ്പാദന-ശേഖരണ പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ അനുഭവങ്ങൾ, പലപ്പോഴും മത്സ്യമേഖലയിലെ ലിംഗപദവി ചർച്ചകളിൽ ഇവരുടെ പ്രാതിനിധ്യം കുറവാണ്, ശിൽപ്പശാല ചർച്ച ചെയ്യും. ഇവരുടെ പരമ്പരാഗത അറിവുകൾ, രീതികൾ, ഉപജീവനത്തിനുള്ള അവകാശങ്ങൾ എന്നിവ പരമ്പരാഗത മത്സ്യമേഖലയുടെയും മത്സ്യകൃഷിയുടെയും വർഷമായി 2022 അന്തർദ്ദേശീയ തലത്തിൽ (IYAFA 2022) ആചരിക്കുന്ന വേളയിൽ ചർച്ചകളിൽ പ്രാധാന്യത്തോടെ ഉയർന്നു കേൾക്കാറുണ്ട് (https://www.fao.org/artisanal-fisheries-aquaculture-2022/home/en/).

## III. എസ്.എസ്.എഫ് മാർഗ്ഗനിർദ്ദേശങ്ങൾ

2014-ലെ എസ്.എസ്.എഫ് മാർഗ്ഗനിർദ്ദേശങ്ങൾ കമ്മിറ്റി ഓഫ് ഫിഷറീസിന്റെ (സി.ഓ.എഫ്.ഐ) മുപ്പത്തിഒന്നാമത് സമ്മേളനത്തിൽ ആ വർഷം തന്നെ അംഗീകരിക്കുകയുണ്ടായി. മനുഷ്യാവകാശങ്ങളുടെ അടിസ്ഥാനത്തിലുള്ള ഒരു സമീപനം ഇവ പ്രോത്സാഹിപ്പിക്കുകയും, ലിംഗപദവി സമത്വവും തുല്യതയും എന്ന

തത്വത്തിന് പ്രാധാന്യം കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. എസ്.എസ്.എഫ് മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ചെറുകിട മീൻപിടുത്തക്കാരും മത്സ്യത്തൊഴിലാളികളും അവരുടെ സംഘടനകൾ വഴി താഴെ നിന്നും ഉയർന്നു വരുന്ന ഒരു പ്രക്രിയയിലൂടെ മാറ്റം കൊണ്ടുവരാനായി ഒരു പ്രധാന പങ്കു വഹിക്കേണ്ടതുണ്ട്. എസ്.എസ്.എഫ് മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കാനുള്ള നടപടികളിൽ ഏർപ്പെടുക വഴി ഈ സംഘടനകളുടെ ശാക്തീകരണവും കൂട്ടായ പ്രവർത്തനവും നടക്കണം. അങ്ങനെ ചെറുകിട മത്സ്യമേഖല ദേശീയ, സംസ്ഥാന നയങ്ങളിൽ കൂടുതൽ ദൃശ്യമാകുകയും ചെറുകിട മത്സ്യത്തൊഴിലാളികളുടെയും സ്ത്രീകൾ ഉൾപ്പെടെയുള്ള അവരുടെ സമുദായങ്ങളുടെയും അവകാശങ്ങൾ നേടിയെടുക്കാനും കഴിയണം.

## IV. ശിൽപ്പശാലയുടെ ലക്ഷ്യങ്ങൾ

- ഫിഷറീസ് ബജറ്റ് വിഹിതങ്ങൾ, പദ്ധതികൾ, അടുത്ത കാലത്തെ നയങ്ങളും നിയമങ്ങളും എന്നിവയുടെ ഒരു ലിംഗപദവി വിശകലനം നടത്തുക
- മത്സ്യമേഖലയിലെ സ്ത്രീകളുടെ ഉപജീവന  പ്രവർത്തനങ്ങൾ, അവരുടെ പരമ്പരാഗത അറിവുകളും, കൂടാതെ പ്രാപ്യതാ അവകാശങ്ങളും ഉപയോഗ അവകാശങ്ങളും ഉയർത്തിക്കാണിക്കുക
- ഇന്ത്യയിലെ പുതിയ തൊഴിൽ നിയമങ്ങൾ ഫിഷറീസിലെ സ്ത്രീകളെ എങ്ങനെ ബാധിക്കുമെന്ന് വിശകലനം ചെയ്യുക, അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ (ഐ.എൽ.ഓ) നിർദ്ദിഷ്ട മാനദണ്ഡങ്ങളുടെ പശ്ചാത്തലത്തിൽ.
- ദേശീയ, സംസ്ഥാന, മേഖലാ തലങ്ങളിൽ എസ്.എസ്.എഫ് മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ ലിംഗപദവി മുഖ്യധാരയിൽ എത്തിക്കാനുള്ള നടപടികൾ നിർദ്ദേശിക്കുക
- ഇന്ത്യയിൽ ഫിഷറീസിലെ സ്ത്രീകളുടെ ഒരു വേദി രൂപീകരിക്കാൻ സ്ത്രീ മത്സ്യത്തൊഴിലാളികളുടെ ശേഷി മെച്ചപ്പെടുത്തുക

## V. പ്രതീക്ഷിക്കുന്ന പരിണതഫലം

ചെറുകിട മത്സ്യ മേഖലയിലെ സ്ത്രീകളുടെ ദൃശ്യത വിപുലപ്പെടുത്താനും അവരുടെ അവകാശങ്ങൾ സുരക്ഷിതമാക്കാനും, തീരുമാനമെടുക്കൽ പ്രക്രിയകളിൽ അവരുടെ പങ്കാളിത്തം മെച്ചപ്പെടുത്താനും ഇന്ത്യയിൽ ഫിഷറീസിലെ സ്ത്രീകളുടെ വേദിക്കു വേണ്ടി ഒരു പ്രവർത്തന പരിപാടി ഈ ശിൽപ്പശാല വികസിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.